**Malayala Manorama**

**19 August 2018**

**Paravoor, Relief Camp**

# ഭക്ഷണവും വെള്ളവുമില്ല

എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിക്കുന്നത് പറവൂർ താലൂക്കിലാണ്. ഇരുന്നൂറിലേറെ ക്യാംപുകളിലായി പതിനായിരക്കണക്കിന് ആളുകളുണ്ട്. എന്നാൽ ഒട്ടേറെ ദുരിതാശ്വാസ ക്യാംപുകളിൽ ഭക്ഷണവും വെള്ളവും കൃത്യമായി എത്തുന്നില്ല. ക്യാംപുകളുടെ എണ്ണം കൂടിയതു ഉദ്യോഗസ്ഥരെയും പ്രതിസന്ധിയിലാക്കി. ഒട്ടേറെ ക്യാംപുകളിൽ ഭക്ഷ്യധാന്യങ്ങൾ തീർന്നുവരികയാണ്. ചില ക്യാംപുകളിൽ കുട്ടികൾക്ക് പനി, ഛർദി എന്നിവ പിടിപെട്ടിട്ടുണ്ട്. ചിലരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. യഥാസമയം വൈദ്യസഹായം ലഭിക്കാതെ വന്നാൽ ദുരിതം വർധിച്ചേക്കും. പല ക്യാംപുകളിലേക്കും ആംബുലൻസുകൾ കടന്നുചെല്ലാനാകുന്നില്ല. അതുകൊണ്ടു രോഗികളെ യഥാസമയം ആശുപത്രിയിലെത്തിക്കാൻ സാധിക്കുന്നില്ല.